പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1698 02.07.2015 - ൽ മറുപടിയ്ക്ക്

**മിഷൻ 676 - ൽ ഉൾപ്പെടുത്തിയ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പദ്ധതി**

ചോദ്യം

ശ്രീ.കെ. മുരളീധരൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

ശ്രീ.വി.ഡി.സതീശൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676- ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | 1. നിർഭയ പദ്ധതി.<br>2. ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം.<br>3. സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും.<br>4. സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും.<br>5. അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും.<br>6. ഹീമോഫിലിയ രോഗി കൾക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ.<br>7. കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻ കൂട്ടി മനസ്സിലാക്കു ന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും.<br>8. വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000/- |

<table>
<tr>
<td></td>
<td></td>
<td></td>
<td>രൂപ വീതം പെൻഷൻ.<br>9. ആശ്വാസ കിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-Core banking മുഖേനയും നൽകും.<br>10. നിഷിനെ National University for disabilities and rehabilitation ആയി ഉയർത്തും.<br>11. Gender Awareness Programme-ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും.<br>12. എറണാകുളത്ത് ഷി-ടാക്സി സംവിധാനം ഏർപ്പെടുത്തും.<br>13. തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർവുമൺ ഷി ഷോപ്പ് നടപ്പിലാക്കും.</td>
</tr>
<tr>
<td>(സി)</td>
<td>പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;</td>
<td rowspan="2">(സി) യും (ഡി) യും</td>
<td rowspan="2">
<table>
<tr><th>ക്രമ നമ്പർ</th><th>പദ്ധതി</th><th>സ്വീകരിച്ച നടപടികൾ</th></tr>
<tr><td>1</td><td>നിർഭയ പദ്ധതി</td><td>പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 9 ജില്ലകളിലായി 10 നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുകയും, 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും One stop Crisis cell ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ family Counsellors ന്റെയും legal counsellors ന്റെയും സേവനം ലഭ്യമാണ്. 24 മണിക്കൂറും സേവനം നൽകുന്ന Telecounselling സംവിധാനം അഭയയിൽ പ്രവർത്തിച്ചു വരുന്നു.</td></tr>
<tr><td>2</td><td>ശാരീരിക വൈകല്യമുള്ള വനിതകൾക്കായി</td><td>കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?</td>
</tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം. | |
| | | | 3 | സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും. | വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലും കെയർ പ്രൊവൈഡർ മാരെയും സ്കിൽഡ് സ്റ്റാഫിനേയും നിശ്ചിത കാലയളവിൽ അനുവദിക്കുകയുണ്ടായി. |
| | | | 4 | സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരം ഭിക്കും | 14 സന്നദ്ധ സംഘടനകളുടെ പങ്കാളി ത്തത്തോടെ ജില്ലകളിൽ വൃദ്ധസദനങ്ങൾ ആരംഭിക്കു ന്നതിന് 3.73 കോടി രൂപയുള്ള ഭരണാനുമതി നൽകുകയും, വൃദ്ധസദനങ്ങൾ ആരംഭിക്കു ന്നതിനായി സന്നദ്ധ സംഘടനകൾ സമർപ്പിച്ച അപേക്ഷകളിൽ നിന്നും വൃദ്ധസദനം നടത്തുന്നതിന്, വിശ്വാസിയതയുള്ള NGO മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു കയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി ആരംഭിക്കുന്നതാണ്. |
| | | | 5 | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും | നടപ്പ് സാമ്പത്തിക വർഷം "അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 25 ലക്ഷം |

| | | | | | |
|---|---|---|---|---|---|
| | | | | | വകയിരുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിന് 04.06.2015 ലെ സ.ഉ (സാധാ) നം. 321/15/സാനീവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. |
| | | | 6 | ഹീമോഫിലിയ രോഗികൾക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ | നടപ്പാക്കി കഴിഞ്ഞു |
| | | | 7 | കേഴ്വി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും. | നടപ്പാക്കി കഴിഞ്ഞു |
| | | | 8 | വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000/- രൂപ വീതം പെൻഷൻ | നടപ്പാക്കി കഴിഞ്ഞു |
| | | | 9 | ആശ്വാസ കിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-Core banking മുഖേനയും നൽകും. | സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായം വിതരണം നടത്തുന്നതിന് ഗുണഭോക്താക്കളിൽ നിന്നും അക്കൗണ്ട് സംബന്ധിച്ച വിശദാംശം ശേഖരിക്കുകയും ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ഐ.കെ.എം- ന് ചുമതല നൽകുകയും ചെയ്തു. എന്നാൽ പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് മുഖേന ഈ ധനസഹായം |

| | | | | | |
|---|---|---|---|---|---|
| | | | | | വിതരണത്തിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ വന്നതിനാൽ ഈ ധനസഹായം ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| | | | 10 | നിഷിനെ National University for disabilities and rehabilitation ആയി ഉയർത്തും | കരട് ബിൽ തയ്യാറാക്കി ഓർഡിനൻസ് ആയി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| | | | 11 | Gender Awareness Programme-ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. | നിലവിലുള്ള 101 Service Providing Centre കൾക്ക് ഗാർഹിക പീഡനത്തിന് ഇരയായവർക്ക് ലീഗൽ കൗൺസിലിംഗ് നടത്താൻ KSSWB വഴിയുള്ള ധനസഹായം നൽകുന്നതിന് 2015-16 ലെ plan write up ൽ വ്യവസ്ഥ ചെയ്തതിൽ പ്രകാരം, സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും 111 Service providing Centre കളുടെ പ്രവർത്തനത്തിനുള്ള തുകയ്ക്ക് 05.06.2015 ലെ സ.ഉ (സാധാ) നം. 337/15/സാനീവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയതായി 10 |

| | | |
|---|---|---|
| | | Service Providing Centre മാരെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു |
| 12 | എറണാകുളത്ത് ഷി-ടാക്സി സംവിധാനം ഏർപ്പെടുത്തും | പദ്ധതി നടപ്പാക്കി കഴിഞ്ഞു |
| 13 | തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഓൺ വീൽസ് ഫോർവുമൺ ഷി ഷോപ്പ് നടപ്പിലാക്കും. | 'ഫുഡ് ഓൺ വീൽസ്' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി 21.03.2015 ലെ സ.ഉ (സാധാ) നം. 162/15/സാനീവ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ